**File No.EXC/1452/2020-XIT1**

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 09/12/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം

ഗ്രാഹകൻ :

ജോയിന്റ് എക്സൈസ് കമ്മീഷണർ ( എല്ലാം )
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ( എല്ലാം )
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ( എല്ലാം )

സർ,

വിഷയം : എൻ ഡി പി എസ് / അബ്കാരി കേസുകൾ കൈകാര്യം ചെയ്യുന്നതുമായി സംബന്ധിച്ച്

സൂചന :- 1. സർക്കുലർ നം EXC39/2020/Excise dated 25/08/2020
2. സർക്കുലർ നം EXC3179/2019/Excise dated 10/07/2019

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എൻ ഡി പി എസ് / അബ്കാരി കേസുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപെട്ടു മുൻപ് ഈ ഓഫീസിൽ നിന്നും നൽകിയ നിർദേശങ്ങളും സർക്കുലറുകളും അതിലെ തീരുമാനങ്ങളും എല്ലാ സബ് ഓഫീസിലും ലഭിച്ചതായി കാണുന്നില്ല. പല റേഞ്ച് ഓഫീസുകളിലും ഇത്തരം തീരുമാനങ്ങളും നിർദേശങ്ങളും ഉള്ളതായി പോലും അറിവില്ല. ഇത് വളരെ ഗൗരവമായ സ്ഥിതി വിശേഷമാണ്. ആയതിനാൽ താഴെ പറയുന്ന നിർദേശങ്ങൾ എല്ലാ ഓഫീസിലും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പ്രതികൾക്ക് മുൻകാല കുറ്റകൃത്യങ്ങളുണ്ടെങ്കിൽ, പ്രതികളുടെ ജാമ്യാപേക്ഷയിൽ റിപ്പോർട്ട് നൽകുമ്പോഴും, തുടരന്വേഷണതിലും, കുറ്റപത്രം സമർപ്പിക്കുമ്പോഴും ടി വിവരങ്ങൾ ഉൾപെടുത്തണമെന്ന് 10.07.2019 ലെ EXC/3179/2019/XA1 നം സർകുലർ പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ ആത് യഥാവിധി പാലിക്കുന്നില്ല. കൂടാതെ 25/08/2020 തീയതിയിലെ സർക്കുല.ർ നം EXC-39/2020/EXCISE പ്രകാരം പ്രതികൾക്ക് മുൻകാല കുറ്റകൃത്യങ്ങളുണ്ടെങ്കിൽ ECRB യുമായി ബന്ധപ്പെട്ട് അതിന്റെ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുളതാണ്.

എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു സ്ഥിരം സൈബർ സെൽ

അനുവദിച്ച വരുന്നത് വരെ ഹെഡ് ക്വാട്ടേഴ്സ് ആസ്ഥാനമായി താൽക്കാലിക അടിസ്ഥാനത്തിൽ ഒരു സൈബർ സെൽ പ്രവർത്തിച്ച വരുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ മൊബൈൽ ഫോണിന്റെയും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടെയും പങ്ക് കൂടുതലായുള്ള ഈ കാലഘട്ടത്തിൽ കേസ്സ് കണ്ടെത്തുന്നതിനും, തുടരന്വേഷണത്തിലും മൊബൈൽ ഫോൺ വിവരങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. കേസിന്റെ തുടരന്വേഷണതിനായി പ്രതികളുടെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിൽ സഹായകമാകുന്ന അഡ്രസ്സ്, കാൾ ഡേറ്റ അനാലിസിസ് എന്നിവ സൈബർ സെല്ലിൽ നിന്നും ലഭ്യമാണ്. (cybercell.exc@kerala.gov.in) (9400069400./9446348588 rajesh,9400328977-shine)

ഇത്തരം സംവിധാനങ്ങൾ നിലവില്ലുള്ള വിവരങ്ങൾ ഉൾകൊള്ളുന്ന സർക്കുലറുകളും കത്തുകളും, എല്ലാ സബ് ഓഫീസിനെയും അവിടെയുള്ള ഉദ്യോഗസ്ഥരെയും അറിയിക്കേണ്ട ചുമതല എല്ലാ ജില്ല അധികരികൾക്കും ഉള്ളതാണ്. ആഴ്ച തോറുമുള്ള പരേഡുകളിൽ ഇത്തരം കാര്യങ്ങളെ കുറിച്ച് ഉദ്യോഗസ്ഥരെ ബോധവൽകരിക്കേണ്ടതുമാണ്. ഇപ്രകാരം സൈബർ സെല്ലിൽ നിന്നും, ECRB യിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടാകുന്നില്ലെന്ന് അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള സർക്കുലറുകളും നിർദ്ദേശങ്ങളും സർക്കുലർ ഫയലിൽ, ഫയൽ ചെയ്യേണ്ടതും ഓരോ ഭൗതിക പകർപ്പ് (hard copy) ഓഫീസുകളിൽ എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാഹചര്യങ്ങളിൽ പരിശോധിക്കുന്നതിന് ലഭ്യമാകുന്ന വിധത്തിൽ സൂക്ഷികേണ്ടതുമാണ് . കൂടാതെ ECURB മുഖാന്തിരം രജിസ്റ്റർ ചെയ്യുന്ന കേസ് റിക്കാർഡുകൾ പല ഓഫീസിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നില്ലെന്നും കോടതിയിൽ സമർപ്പിക്കുന്നില്ലെന്നും കാണുന്നു. ഈ പ്രവണത ഒഴിവാക്കി ECURB മുഖാന്തിരം കേസ് റിക്കാർഡുകൾ ഡൗൺലോഡ് ചെയ്തു കോടതിയിൽ സമർപ്പിക്കുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദേശങ്ങൾ എല്ലാം പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട ജോയിൻറ് എക്സൈസ് കമ്മിഷണർ /അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ/ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.

Signature valid

Digitally signed by D... JEEV IOES